# കേരളവാട്ടർഅതോറിറ്റി

KWA/PHSV/DB/102/JJM -2020

അസിസ്റ്റന്റ്എഞ്ചിനീയറുടെകാര്യാലയം
പി.എച്. സെക്ഷൻ ,വാടാനപ്പിള്ളി
തളിക്കുളം.പി.ഒ -680569, തിയ്യതി: 1-11--2022
email- aekwavty@gmail.com
04872605600 , 8547638387

പ്രേക്ഷക ,

അസിസ്റ്റന്റ് എഞ്ചിനീയർ.

സ്വീകർത്താവ് ,

സബ് ഡിവിഷണൽ എഞ്ചിനീയർ
BSNL കാട്ടൂർ

സർ ,

വിഷയം -: ജലജീവൻ മിഷൻ പദ്ധതി ഫേസ് - 2 , എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലേക്ക് ഗാർഹീക കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും സംബന്ധിച്ചു :-

കേരള വാട്ടർ അതോറിറ്റി വാടാനപ്പള്ളി സെക്ഷന് കീഴിൽ കേന്ദ്ര- സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ ഫേസ് -2 പദ്ധതിയിൽ എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പുതിയ പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിൻറെ ഭാഗമായി 1 മീറ്റർ വീതിയിലും 1.50 മീറ്റർ വരെ താഴ്ചയിലും കുഴി എടുക്കേണ്ടതായി വരുന്നുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന റോഡുകളിൽ ടെലിഫോൺ കേബിളുകൾ കാരണം പൈപ്പുകൾ ഇടാൻ സ്ഥലപരിമിതിയുണ്ട്. കേബിളുകൾ പോയ ഭാഗത്തിന്റെ ശരിയായ താഴ്ചയും വിവരണവും അതുപോലെ ക്രോസിങ് ഉള്ള ഭാഗം അടയാളപ്പെടുത്തിയും സംരക്ഷണത്തിനുവേണ്ടി ഇഷ്ടികയോ സ്ലാബുകളോ വെച്ചിട്ടുണ്ടങ്കിൽ അതും മാർക്ക് ചെയ്ത പ്ലാൻ നൽകുന്നപക്ഷം BSNL -ൻറെ കേബിളുകൾക്കു കേടുപാടുകൾ സംഭവിക്കുന്നത് ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. സൈഡിലും, കുറുകെയും ട്രെഞ്ച് എടുക്കേണ്ടതായി വരുമ്പോൾ ആവശ്യാനുസരണം താഴ്ചയും മുകളിൽ പ്രൊട്ടക്ഷൻ ഇല്ലാത്തതിനാലും കേബിളുകൾക്കു ഏതെങ്കിലും തരത്തിൽ തകരാറുകൾ സംഭവിച്ചാൽ ആയതു പരിഹരിക്കുന്നതിന് താങ്കളുടെ കാര്യാലയത്തിൽനിന്നും ജീവനക്കാരെ ഏർപ്പാട് ചെയ്തു തരുന്നതിനുള്ള സൗകര്യം ഉണ്ടാകണമെന്ന് അറിയിക്കുന്നു .അല്ലാത്തപക്ഷം ഉണ്ടാകുന്ന നാശ നഷ്ടങ്ങൾക്കു ജല അതോറിറ്റിക്കു ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ലെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു

വിശ്വസ്തതയോടെ

അസിസ്റ്റന്റ് എൻജിനീയർ
കേരള ജല അതോറിറ്റി
പി.എച്ച്. സെക്ഷൻ വാടാനപ്പിള്ളി
തളിക്കുളം - 680569